No. CEE/4600/2019/KEAM-2020/TA4

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## KEAM-2020

## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റിലേയ്ക്കും ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള ഒന്നാം ഘട്ട അലോട്ട്മെന്റിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

2020–ലെ ആർക്കിടെക്ചർ കോഴ്സിലേക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റിലേക്കും എഞ്ചിനീയറിംഗ്/ ഫാർമസി കോഴ്സുകളിലേക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റിലേയ്ക്കുമുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഈ ഘട്ടത്തിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലെ കമ്മ്യൂണിറ്റി/ രജിസ്റ്റേർഡ് സൊസൈറ്റി/ രജിസ്റ്റേർഡ് ട്രസ്റ്റ് ക്വാട്ടയിലേയ്ക്ക് മാറ്റിവച്ചിട്ടുള്ള സീറ്റുകളിലേയ്ക്കും അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ 13.10.2020 തീയതിയിലെ SLP NO.11482/2020 നമ്പർ കേസിലെ അന്തിമ വിധി പ്രകാരവും കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ 14.10.2020 തീയതിയിൽ നൽകിയ KTU/A/456/2015 നമ്പർ കത്ത് പ്രകാരവും ആദ്യഘട്ട അലോട്ട്മെന്റിൽ താത്ക്കാലികമായി ഉൾപ്പെടുത്തിയ 10 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെയും രണ്ടാം ഘട്ട അലോട്ട്മെന്റിൽ താത്ക്കാലികമായി ഉൾപ്പെടുത്തിയ 12 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെയും പുതുതായി അനുവദിക്കപ്പെട്ട 31 കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റ് ഈ ഘട്ടത്തിൽ ഒഴിവാക്കിയിട്ടുണ്ട്. യൂണിവേഴ്സിറ്റി അഫിലിയേഷൻ ലഭിച്ചതു മൂലം പുതുതായി ഉൾപ്പെടുത്തിയ മൂന്ന് സ്വാശ്രയ ഫാർമസി കോളേജുകളിലേയ്ക്ക് ഈ ഘട്ടത്തിൽ അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്. പയ്യന്നൂർ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി കോളേജിലെ ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള ഫീസ് 75,000/– എന്ന് വെബ്സൈറ്റിൽ കാണിച്ചിരുന്നത് മറ്റ് സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളുടേതിന് സമാനമായി 80,000/– രൂപ ആയിരിക്കുമെന്ന് കോളേജധികൃതർ അറിയിച്ചിട്ടുണ്ട്.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ഘട്ടത്തിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അടയ്ക്കേണ്ടതുമായ ഫീസ് 2020 **ഒക്ടോബർ 24 മുതൽ 31 വരെയുള്ള** തീയതികളിൽ ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും **ഹെഡ് പോസ്റ്റ് ഓഫീസ്** മുഖാന്തിരമോ ഒടുക്കിയശേഷം അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ നേരിട്ട് ഹാജരായോ വെർച്ചൽ ആയോ പ്രവേശനം നേടേണ്ടതാണ്. ***കോവിഡ്–19 ന്റെ പ്രത്യേക സാഹചര്യത്തിൽ, ഗവ. എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി/ഒ.ഇ.സി/മറ്റ് ഫീസ് ആനുകൂല്യമുള്ള വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർ അതാത് കോളേജുകളിൽ ഒടുക്കേണ്ട കോഷൻ ഡിപ്പോസിറ്റ് (1000/-രൂപ) കൂടി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കേണ്ടതാണ്.*** പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകൾക്ക് ഒന്നാം ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റിൽ നിന്നും വ്യത്യസ്തമായ അലോട്ട്മെന്റ് രണ്ടാം ഘട്ടത്തിൽ ലഭിച്ചവർ അധിക തുക പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അടയ്ക്കേണ്ടതുണ്ടെങ്കിൽ അത് 2020 **ഒക്ടോബർ** 24 മുതൽ 31 വരെ തീയതികളിൽ **ഓൺലൈൻ പേയ്മെന്റ്** മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും **ഹെഡ് പോസ്റ്റ് ഓഫീസ്** മുഖാന്തിരമോ ഒടുക്കിയശേഷം അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ നേരിട്ട് ഹാജരായോ വെർച്ചൽ ആയോ പ്രവേശനം നേടേണ്ടതാണ്.

നിലവിൽ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികളും അലോട്ട്മെന്റ് മെമ്മോ പ്രകാരമുള്ള കോളേജുകളിൽ **2020 ഒക്ടോബർ 31–ാം** തീയതി വൈകുന്നേരം **4.00** മണിയ്ക്കകം പ്രവേശനം നേടിയിരിക്കേണ്ടതാണ്. എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിൽ പ്രവേശനം നേടേണ്ട തീയതിയും സമയവും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദമായ ഷെഡ്യൂൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്. എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് ഷെഡ്യൂൾ പ്രകാരം പ്രവേശനം നേടാൻ കഴിയാതെ വരുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോളേജ് അധികൃതരുമായി ബന്ധപ്പെട്ട് **2020 ഒക്ടോബർ 31-ാം തീയതി വൈകുന്നേരം 4.00 മണി**യ്ക്കകം പ്രവേശനം നേടിയിരിക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ പ്രവേശനം നേടുന്നതിന് മുമ്പായി അതാത് കോളേജുകളുടെ വെബ്സൈറ്റ് പരിശോധിച്ച് അഡ്മിഷനുമായി ബന്ധപ്പെട്ട ഷെഡ്യൂളും പ്രവേശനം സംബന്ധിച്ച പ്രത്യേക നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അത് കൂടി മനസ്സിലാക്കേണ്ടതുമാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അവരുടെ ഹോം പേജിലെ **'Data Sheet'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. പ്രവേശനം നേടുന്ന സമയത്ത് ഡാറ്റാ ഷീറ്റ് കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കേണ്ടതാണ്.

**നിശ്ചിത സമയത്തിനുള്ളിൽ ഫീസ്/അധിക തുക (ബാധകമെങ്കിൽ) ഒടുക്കാത്ത വിദ്യാർത്ഥികളുടെയും, കോളേജുകളിൽ ഹാജരായി പ്രവേശനം നേടാത്ത ഫീസ് ഇളവ് ബാധകമായ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള മുഴുവൻ വിദ്യാർത്ഥികളുടെയും അലോട്ട്മെന്റും, ബന്ധപ്പെട്ട സ്ട്രീമിലെ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്.**

എഞ്ചിനീയറിംഗ്/ ഫാർമസി കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങളും ആർക്കിടെക്ചർ കോഴ്സിലേക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങളും **01.11.2020** ന് ആരംഭിക്കുന്നതാണ്. മൂന്നാം ഘട്ട അലോട്ട്മെന്റിന് മുൻപായി **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നടത്തുന്നതിനും, നിലവിലുള്ള ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, ആവശ്യമില്ലാത്ത ഓപ്ഷനുകൾ റദ്ദ് ചെയ്യുന്നതിനും, പുതിയ കോഴ്സുകളോ കോളേജുകളോ ഉൾപ്പെടുത്തുന്ന പക്ഷം അവയിലേയ്ക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം ലഭ്യമാകുന്നതാണ്. ഇതു സംബന്ധിച്ച വിശദമായ വിജ്ഞാപനം പിന്നീട് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ: 0471 2525300

തിരുവനന്തപുരം
23.10.2020

Geetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**